നമ്പർ 415/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ..............................................................................................................................................................

.......................................................................................... പള്ളി വികാരിയും, ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,

നമ്മുടെ കോട്ടയം പഴയസെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 75-ാം ഓർമ്മപ്പെരുന്നാളിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ആലോചിക്കുന്നതിനായി കോട്ടയം, കോട്ടയം സെൻട്രൽ, കണ്ടനാട്, ചെങ്ങന്നൂർ, നിരണം എന്നീ മെത്രാസനങ്ങളിലെ പള്ളികളിലെ വൈദികരുടെയും, കൈക്കാരന്മാരുടെയും, ഭദ്രാസനങ്ങളിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും, താല്പര്യമുള്ള മറ്റ് വ്യക്തികളുടെയും ഒരു യോഗം 2008 ഡിസംബർ മാസം 16-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് നമ്മുടെ അസിസ്റ്റന്റും പിൻഗാമിയുമായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരിയിലെ സോഫിയാ സെന്ററിൽ വച്ച് കൂടുന്നതാണ്. ഇടവകവികാരിയും മറ്റ് ബന്ധപ്പെട്ടവരും നിർബന്ധമായും ഈ യോഗത്തിൽ വന്ന് സംബന്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.**

2008 ഡിസംബർ മാസം 9 -ാം തീയതി
ദേവലോകം കാതോലിക്കേറ്റ്
അരമനയിൽ നിന്നും